LIBRARY ARCHIVES Kerala Legislative Assembly

(ഡി) കർഷകരുടെ ഉൽപ്പന്നങ്ങൾ ന്യായവിലയിൽ സംഭരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

- നെൽകർഷകരെ സഹായിക്കുന്നതിനായി കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കിലോയ്ക്ക് 21.50 രൂപ നിരക്കിൽ നെല്ല് സംഭരണം നടത്തുന്നുണ്ട്.
- നാളികേര കർഷകരെ വിലയിടിവിൽ നിന്ന് രക്ഷിക്കുന്നതിനായി കേരഫെഡ് മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്.
- പച്ചക്കറി കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനായി കർഷകരിൽനിന്നും ഹോർട്ടികോർപ്പ് (HORTICORP) പച്ചക്കറികൾ നേരിട്ട് സംഭരിക്കുന്നുണ്ട്.
- സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും (ആനയറ, നെടുമങ്ങാട്, മരട്, മൂവാറ്റുപുഴ, വേങ്ങേരി, സുൽത്താൻ ബത്തേരി) ഉല്പന്നങ്ങൾ നേരിട്ട് വിൽക്കുന്നതിനുള്ള സൗകര്യം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.
- കർഷകരുടെ ഉല്പന്നങ്ങൾ ന്യായമായ വില നൽകി സംഭരിക്കുന്നതിന് കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ 5 ജില്ലാതല സംഭരണ കേന്ദ്രങ്ങൾ (കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ) പ്രവർത്തിച്ചു വരുന്നു.
- കർഷകർക്ക് അവരുടെ ഉല്പന്നങ്ങളുമായി വിപണികൾ നടത്തുന്ന ലേലത്തിൽ പങ്കെടുക്കുന്നതിനും ലേലത്തിൽ ലഭിക്കുന്ന തുക അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ അന്നുതന്നെ ലഭിക്കുന്നതിനുമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനവും സംഭരണവും ഇറക്കുമതിയും

171 (1643) ശ്രീ. എം. എ. ബേബി :
ശ്രീ. സി. കെ സദാശിവൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷത്തെയും റബ്ബർ, നാളികേരം, കശുവണ്ടി, ഏലം, മഞ്ഞൾ, തേയില എന്നിവയുടെ ഉല്പാദനവും കർഷകർക്ക് ലഭിച്ച ശരാശരി വിലയും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ;

(ബി) ഇവയിൽ ഏതെല്ലാം ഉല്പന്നങ്ങൾ എത്രമാത്രം ഓരോ വർഷവും വിവിധ ഏജൻസികൾ വഴി സംഭരിക്കുകയുണ്ടായി;

(സി) ഇവയിൽ ഏതെല്ലാം ഉല്പന്നങ്ങൾ എത്രമാത്രം രാജ്യത്ത് ഓരോ വർഷവും ഇറക്കുമതി ചെയ്യുകയുണ്ടായി എന്ന് അറിയുമോ?

ഉത്തരം

(എ) ഓരോ വർഷത്തെയും റബ്ബർ, നാളികേരം, കരുമുളക്, ഏലം, മഞ്ഞൾ, തേയില എന്നിവയുടെ ഉല്പാദനവും കർഷകർക്ക് ലഭിച്ച ശരാശരി വിലയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 1-1-2013 മുതൽ കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പാക്കുന്ന പച്ചനാളികേര സംഭരണ പദ്ധതി പ്രകാരം ഓരോ വർഷവും സംഭരിച്ച നാളികേരത്തിന്റെ അളവ് ചുവടെ ചേർക്കുന്നു.

വർഷം	സംഭരണം (ടൺ)
2012-13	6023
2013-14	32305
2014-15	9900
2015-16	18369

25-2-2014 തീയതിയിലെ സ.ഉ.(എംഎസ്.)നമ്പർ56/2014/കൃഷി പ്രകാരം റബ്ബർ മാർക്ക്, മാർക്കറ്റ് ഫെഡ് എന്നീ ഏജൻസികൾ 2014 ഡിസംബർ വരെ 1227.32 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്. റബ്ബർ, കുരുമുളക്, ഏലം, മഞ്ഞൾ, തേയില, നാളികേരം എന്നീ ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്തതിന്റെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

റബ്ബർ വിലയിടിവ്

172 (1644) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവുമൂലം കഷ്ടത അനുഭവിക്കുന്ന റബ്ബർ കർഷകരുടെ വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly